**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3356** — **08-10-2025 - ൽ മറുപടിയ്ക്ക്**

**തുറവൂർ വേ-സൈഡ് പാർക്ക് പുനരുദ്ധാരണത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുറവൂർ വേ-സൈഡ് പാർക്ക് കാടുപിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുറവൂർ വേ-സൈഡ് പാർക്ക് ശുചീകരണത്തിനായി ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്, കൂടാതെ മാസത്തിൽ ഒരു തവണ മാസ്സ് ക്ലീനിംഗ് നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പാർക്ക് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം പാർക്കിന്റെ പുരുദ്ധാരണത്തിനായി ടൂറിസം വകുപ്പ് എത്ര രൂപ ചെലവാക്കി എന്ന് വിശദമാക്കാമോ; | (ബി) | തുറവൂർ വേ-സൈഡ് പാർക്കിന്റെ പുനരുദ്ധാരണത്തിനായി ടൂറിസം വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പാർക്ക് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (സി) | ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി പാലത്തിന് സമീപം സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് നിർമ്മിച്ച "തുറവൂർ വേ സൈഡ് അമിനിറ്റി സെന്റർ" 2022 ഒക്ടോബർ മാസം മുതൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് പരിപാലിച്ച് വരുന്നത്. ടി പാർക്കിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെട്ട വിനോദ കേന്ദ്രമായി പരിപാലിക്കുന്നതിന് 2022 മുതൽ 3 തവണ താത്പര്യപത്രം ക്ഷണിച്ചിരുന്നെങ്കിലും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 2024 ഒക്ടോബർ മാസം വീണ്ടും താത്പര്യപത്രം ക്ഷണിച്ച് താത്പര്യപത്ര നടപടികൾ പൂർത്തീകരിച്ചെങ്കിലും പദ്ധതി ഏറ്റെടുത്ത വ്യക്തി താത്പര്യപത്ര നടപടികളിൽ നിന്നും പിന്മാറിയിരുന്നു. മേൽ സാഹചര്യത്തിൽ തുറവൂർ വേ സൈഡ് അമിനിറ്റി സെന്ററിന്റെ താത്പര്യപത്രം വീണ്ടും ക്ഷണിക്കുകയും 22/08/2025 ൽ നടന്ന താത്പര്യപത്ര നടപടിക്രമങ്ങൾ പ്രകാരം സാങ്കേതിക സാമ്പത്തിക ദർഘാസുകളുടെ പരിശോധന നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ